| 04-08-2025 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളെ - ബാബ വന്നിരിക്കുകയാണ് നിങ്ങളെ പൂക്കളുടെ രാജാവാക്കുന്നതിന്, അതിനാൽ വികാരങ്ങളുടെ യാതൊരു ദുർഗ്ഗന്ധവും ഉണ്ടായിരിക്കരുത്.**

**ചോദ്യം -** വികാരങ്ങളുടെ അംശം സമാപ്തമാക്കുന്നതിന് വേണ്ടി ഏതൊരു പുരുഷാർത്ഥമാണ് ചെയ്യേണ്ടത്?
**ഉത്തരം -** നിരന്തരം അന്തർമുഖിയായിരിക്കുന്നതിന്റെ പുരുഷാർത്ഥം ചെയ്യൂ. അന്തർമുഖി അർത്ഥം സെക്കന്റിൽ ശരീരത്തിൽ നിന്ന് വേറിടുക. ഈ ലോകത്തിന്റെ ബോധം തികച്ചും മറക്കണം. ഒരു സെക്കന്റിൽ മുകളിലേക്ക് പോവുക, വരിക. ഈ അഭ്യാസത്തിലൂടെ വികാരത്തിന്റെ അംശം സമാപ്തമാകും. കർമ്മം ചെയ്തുകൊണ്ടിരിക്കുമ്പോൾ ഇടക്കിടക്ക് അന്തർമുഖിയാകൂ, ഇങ്ങനെ തോന്നണം, തികച്ചും നിശ്ശബ്ദമാണ്, യാതൊരു ആരവവുമില്ല, ഈ സൃഷ്ടിയേ ഇല്ലാത്തതുപോലെ.

**ഓം ശാന്തി.** ഇവിടെ ഓരോരുത്തരേയും ഇരുത്തുകയാണ്, അശരീരിയായി ബാബയുടെ ഓർമ്മയിലിരിക്കൂ ഒപ്പമൊപ്പം ഈ സൃഷ്ടിചക്രത്തെയും ഓർമ്മിക്കൂ. മനുഷ്യർ 84 ന്റെ ചക്രത്തെ അറിയുന്നില്ല. മനസ്സിലാക്കുന്നേയില്ല. ആരാണോ 84 ന്റെ ചക്രം കറങ്ങുന്നത് അവരേ മനസ്സിലാക്കുന്നതിനായി വരൂ. നിങ്ങൾക്ക് ഇത് തന്നെയാണ് ഓർമ്മിക്കേണ്ടത്, ഇതിനെ സ്വദർശന ചക്രം എന്ന് പറയുന്നു, ഏതിലൂടെയാണോ ആസുരിയ ചിന്തകൾ സമാപ്തമാകുന്നത്. ഏതെങ്കിലും അസുരൻ ഉണ്ട് അതിന്റെ കഴുത്ത് മുറിക്കും എന്നല്ല. മനുഷ്യർ സ്വദർശന ചക്രത്തിന്റെ പോലും അർത്ഥം മനസ്സിലാക്കുന്നില്ല. ഈ ജ്ഞാനം നിങ്ങൾ കുട്ടികൾക്ക് ഇവിടെയാണ് ലഭിക്കുന്നത്. താമരപ്പൂവിന് സമാനം ഗൃഹസ്ഥത്തിലിരുന്നും പവിത്രമായി മാറൂ. ഭഗവാന്റെ വാക്കാണല്ലോ. ഈ ഒരു ജന്മം പവിത്രമായി മാറുന്നതിലൂടെ ഭാവിയിലെ 21 ജന്മങ്ങൾ നിങ്ങൾ പവിത്ര ലോകത്തിന്റെ അധികാരിയായി മാറും. സത്യയുഗത്തെ ശിവാലയം എന്ന് പറയുന്നു. കലിയുഗം വേശ്യാലയമാണ്. ഈ ലോകം മാറുകയാണ്. ഭാരതത്തിന്റെ മാത്രം കാര്യമാണ്. മറ്റുള്ളവരുടെ കാര്യത്തിൽ പോകരുത്. മൃഗങ്ങളുടേത് എന്താകും, മറ്റു ധർമ്മങ്ങളുടെ എന്താകും എന്ന് ചോദിച്ചാൽ പറയൂ, ആദ്യം അവനവന്റേത് മനസ്സിലാക്കൂ, പിന്നീട് മറ്റുള്ളവരുടെ കാര്യം. ഭാരതവാസികൾ തന്നെയാണ് തന്റെ ധർമ്മത്തെ മറന്ന് ദു:ഖിയായത്. ഭാരതത്തിൽത്തന്നെയാണ് വിളിക്കുന്നത് അങ്ങ് തന്നെയാണ് മാതാവും പിതാവും.....വിദേശത്ത് മാതാ-പിതാ എന്ന അക്ഷരം പറയുന്നില്ല. അവർ കേവലം ഗോഡ് ഫാദർ എന്ന് പറയുന്നു. ഭാരതത്തിൽ തന്നെയാണ് അതീവസുഖമുണ്ടായിരുന്നത്, ഭാരതം സ്വർഗ്ഗമായിരുന്നു- ഇതും നിങ്ങൾക്കറിയാം. ബാബ വന്ന് മുള്ളുകളെ പുഷ്പമാക്കി മാറ്റുന്നു. ബാബയെ പൂന്തോട്ടക്കാരൻ എന്ന് പറയുന്നു. വിളിക്കുന്നു- വന്ന് മുള്ളുകളെ പുഷ്പമാക്കി മാറ്റൂ. ബാബ പൂക്കളുടെ പൂന്തോട്ടമുണ്ടാക്കുന്നു. മായ പിന്നെ മുള്ളുകളുടെ കാടാക്കി മാറ്റുന്നു. മനുഷ്യരാണെങ്കിൽ പറയുകയാണ്- ഈശ്വരാ അങ്ങയുടെ മായ വളരെ ശക്തിശാലിയാണ്. ഈശ്വരനെയും മായയേയും മനസ്സിലാക്കുന്നില്ല. ആരോ വാക്കുകൾ പറഞ്ഞു അതിനെ ആവർത്തിച്ചുകൊണ്ടിരിക്കുന്നു. അർത്ഥമൊന്നുമില്ല. നിങ്ങൾ കുട്ടികൾ മനസ്സിലാക്കുകയാണ് ഇത് ഡ്രാമയുടെ കളിയാണ്- രാമരാജ്യത്തിന്റെയും രാവണ രാജ്യത്തിന്റെയും. രാമ രാജ്യത്തിൽ സുഖവും, രാവണ രാജ്യത്തിൽ ദുഖവുമാണ്. ഇവിടുത്തെ മാത്രം കാര്യമാണ്. ഇത് ഒരു പ്രഭുവിന്റെയും മായയല്ല. 5 വികാരങ്ങളെയാണ് മായയെന്ന് പറയുന്നത്, ഏതിനെയാണോ രാവണനെന്ന് പറയുന്നത്. ബാക്കി മനുഷ്യർ പുനർജന്മമെടുത്ത് 84 ന്റെ ചക്രത്തിൽ വരുന്നു. സതോഗുണിയിൽ നിന്ന് തമോപ്രധാനമാകണം. ഈ സമയം എല്ലാവരും വികാരത്തിലൂടെയാണ് ജന്മമെടുക്കുന്നത്- അതുകൊണ്ട് വികാരി എന്ന് പറയുന്നു. പേരും വികാരീ ലോകമെന്നാണ് പിന്നെ നിർവികാരീ ലോകം അർത്ഥം പഴയ ലോകത്തിൽ നിന്ന് പുതിയത് എങ്ങനെ ഉണ്ടാകുന്നു, ഇത് മനസ്സിലാക്കാനുള്ള സാധാരണ കാര്യമാണ്. പുതിയ ലോകത്തിൽ ആദ്യം സ്വർഗ്ഗമായിരുന്നു. കുട്ടികൾക്കറിയാം സ്വർഗ്ഗത്തെ സ്ഥാപിക്കുന്നത് പരംപിതാ പരമാത്മാവാണ്, അതിൽ അതീവസുഖമുണ്ടാകും. ജ്ഞാനത്തിലൂടെ പകൽ, ഭക്തിയിലൂടെ രാത്രി എങ്ങനെ ഉണ്ടാകുന്നു - ഇതും ആരും മനസ്സിലാക്കുന്നില്ല. പറയും ബ്രഹ്മാവും ബ്രഹ്മാമുഖ വംശാവലീ ബ്രാഹ്മണരുടെയും പകൽ പിന്നീട് അതേ ബ്രാഹ്മണരുടെ രാത്രി. പകലും രാത്രിയും ഇവിടെയാണുണ്ടാവുന്നത്, ഇതാരും മനസ്സിലാക്കുന്നില്ല. പ്രജാപിതാ ബ്രഹ്മാവിന്റെ രാത്രി, എങ്കിൽ തീർച്ചയായും ബ്രഹ്മാവിന്റെ മുഖ വംശാവലീ ബ്രാഹ്മണരുടെ രാത്രിയും ഉണ്ടാകും. പകുതി കൽപം പകൽ, പകുതി കൽപം രാത്രി.

ഇപ്പോൾ നിർവികാരീ ലോകം നിർമ്മിക്കുന്നതിന് ബാബ വന്നിരിക്കുകയാണ്. ബാബ പറയുകയാണ് - കുട്ടികളേ, കാമം മഹാ ശത്രുവാണ്, അതിൽ വിജയം നേടണം. സമ്പൂർണ്ണ നിർവികാരീ പവിത്രമാകണം.

അപവിത്രമായതു കൊണ്ട് നിങ്ങൾ ഒരുപാട് പാപം ചെയ്തു. ഇത് പാപാത്മാക്കളുടെ ലോകമാണ്. പാപം തീർച്ചയായും ശരീരത്തോടൊപ്പമാണ് ചെയ്യുക, അപ്പോൾ പാപാത്മാവായി മാറും. ദേവതകളുടെ പവിത്ര ലോകത്തിൽ പാപം ഉണ്ടായിരിക്കില്ല. ഇവിടെ നിങ്ങൾ ശ്രീമതത്തിലൂടെ ശ്രേഷ്ഠ പുണ്യാത്മാവായി മാറിക്കൊണ്ടിരിക്കുകയാണ്. ശ്രീ ശ്രീ 108 ന്റെ മാലയാണ്. മുകളിൽ പുഷ്പമാണ്, അതിനെ ശിവനെന്ന് പറയും. അത് നിർവികാരീ പുഷ്പമാണ്. പിന്നീട് സാകാരത്തിൽ സ്ത്രീയും പുരുഷനുമാകുന്നു, അവരുടെ മാല ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണ്. ശിവബാബയിലൂടെ ഇവർ പൂജനീയരായി സ്മരണക്ക് യോഗ്യരായി മാറുന്നു. നിങ്ങൾ കുട്ടികൾക്കറിയാം– ബാബ നമ്മെ വിജയമാലയിലെ മുത്താക്കി മാറ്റുന്നു. ഓർമ്മയുടെ ബലത്തിലൂടെ നമ്മൾ വിശ്വത്തിന് മേൽ വിജയം നേടിക്കൊണ്ടിരിക്കുന്നു, ഓർമ്മയിലൂടെ തന്നെയാണ് വികർമ്മം വിനാശമാവുക. പിന്നീട് നിങ്ങൾ സതോ പ്രധാനമായി മാറും. അവരാണെങ്കിൽ മനസ്സിലാക്കാതെ പറയുകയാണ്, പ്രഭൂ നിന്റെ മായ ശക്തിശാലിയാണ്. ആർക്കെങ്കിലും ധനമുണ്ടെങ്കിൽ അവരുടെയടുത്ത് ഒരുപാട് മായ ഉണ്ടെന്ന് പറയും. വാസ്തവത്തിൽ 5 വികാരങ്ങളെയാണ് മായയെന്ന് പറയുന്നത്, അതിനെ രാവണനെന്നും പറയുന്നു. അവർ പിന്നെ 10 തലയുള്ള രാവണന്റെ ചിത്രം ഉണ്ടാക്കിയിരിക്കുന്നു. ഇപ്പോൾ ചിത്രമാണെങ്കിൽ മനസ്സിലാക്കിക്കൊടുക്കണം. എങ്ങനെയാണോ അംഗദനുവേണ്ടിയും കാണിച്ചിരിക്കുന്നത്, അംഗദനെ രാവണൻ ഇളക്കാൻ നോക്കി പക്ഷെ ഇളക്കാൻ സാധിച്ചില്ല. ഉദാഹരണം കാണിച്ചിരിക്കുകയാണ്. ബാക്കി ഒരു വസ്തുവുമില്ല. ബാബ പറയുന്നു, മായ നിങ്ങളെ എത്ര ഇളക്കിയാലും നിങ്ങൾ ഇളകാതിരിക്കൂ. രാവണൻ, ഹനുമാൻ, അംഗദൻ തുടങ്ങിയ ഈ എല്ലാ മാതൃകകളും ഉണ്ടാക്കിയിരിക്കുന്നു, ഇതിന്റെയെല്ലാം അർത്ഥം നിങ്ങൾ കുട്ടികൾക്കറിയാം. വേട്ടാളന്റെയും ഉദാഹരണമുണ്ട്. വേട്ടാളനും ബ്രാഹ്മണിയും ഒരുപോലെയാണ്. നിങ്ങൾ കാഷ്ഠത്തിലെ കീടങ്ങളെ ജ്ഞാന–യോഗത്തിന്റെ ഭൂം–ഭൂം ചെയ്ത് പതിതത്തിൽ നിന്ന് പാവനമാക്കി മാറ്റുന്നു. ബാബയെ ഓർമ്മിക്കൂ എങ്കിൽ സതോപ്രധാനമായി മാറാം. ആമയുടെയും ഉദാഹരണമുണ്ട്. ഇന്ദ്രിയങ്ങളെ ഒതുക്കി അന്തർമുഖിയായി ഇരിക്കുന്നു. നിങ്ങളോടും ബാബ പറയുകയാണ് കർമ്മം ചെയ്യൂ പിന്നീട് അന്തർമുഖിയാകൂ. ഈ സൃഷ്ടി തന്നെയില്ല എന്നതുപോലെ, ആരവം നിലച്ചുപോകുന്നു. ഭക്തിമാർഗ്ഗത്തിൽ ബഹിർമുഖിയായി മാറുന്നു. പാട്ട് പാടുക, അതുമിതും ചെയ്യുക, എത്ര ബഹളമാണ്, എത്ര ചിലവ് ഉണ്ടാകുന്നു. എത്ര മേളകളാണ് നടത്തുന്നത്. ബാബ പറയുകയാണ് ഇതെല്ലാം ഉപേക്ഷിച്ച് അന്തർമുഖിയായി മാറൂ, ഈ സൃഷ്ടി തന്നെയില്ല എന്നപോലെ. സ്വയം നോക്കൂ നമ്മൾ യോഗ്യരായോ? ഒരു വികാരവും ഉപദ്രവിക്കുന്നില്ലല്ലോ? നമ്മൾ ബാബയെ ഓർമ്മിക്കുന്നുണ്ടോ? ബാബ ഏത് വിശ്വത്തിന്റെ അധികാരിയാക്കിയാണോ മാറ്റുന്നത്, അങ്ങനെയുള്ള ബാബയെ രാവും പകലും ഓർമ്മിക്കണം. നമ്മൾ ആത്മാവാണ്, ബാബ നമ്മുടെ അച്ഛനാണ്. ഉള്ളിൽ ഇത് നടന്നുകൊണ്ടിരിക്കണം – നമ്മൾ ഇപ്പോൾ പുതിയ ലോകത്തിലെ പുഷ്പമായി മാറിക്കൊണ്ടിരിക്കുകയാണ്. എരിക്കിൻ പൂവായി മാറരുത്. നമുക്കാണെങ്കിൽ എല്ലാവർക്കും തന്നെ പൂക്കളുടെ രാജാവ്, തികച്ചും സുഗന്ധമുള്ളതായി മാറണം. യാതൊരു ദുർഗന്ധവുമുണ്ടാകരുത്. മോശമായ ചിന്തകളെ ഇല്ലാതാക്കണം. മായയുടെ കൊടുങ്കാറ്റ് വീഴ്ത്തുന്നതിന് വേണ്ടി ഒരുപാട് വരും. കർമ്മേന്ദ്രിയങ്ങളാൽ ഒരു വികർമ്മവും ചെയ്യരുത്. ഇങ്ങനെയിങ്ങനെ സ്വയം ഉറപ്പുള്ളതാക്കണം. സ്വയം പരിവർത്തനപ്പെടുത്തണം. ഒരു ദേഹധാരിയേയും എനിക്ക് ഓർമ്മിക്കേണ്ടതില്ല. ബാബ പറയുകയാണ് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി എന്നെ ഓർമ്മിക്കൂ, ശരീര നിർവാഹണാർത്ഥം വേണമെങ്കിൽ കർമ്മം ചെയ്യൂ. അതിലും സമയം കണ്ടെത്താൻ സാധിക്കണം. ഭക്ഷണം കഴിക്കുന്ന സമയത്തും ബാബയുടെ മഹിമ ചെയ്തുകൊണ്ടിരിക്കൂ. ബാബയെ ഓർമ്മിച്ച് കഴിക്കുന്നതിലൂടെ ഭോജനവും പവിത്രമായി മാറുന്നു. എപ്പോൾ ബാബയെ നിരന്തരം ഓർമ്മിക്കുന്നുവോ അപ്പോൾ ഓർമ്മയിലൂടെ അനേക ജന്മങ്ങളുടെ പാപം മുറിയുകയും നിങ്ങൾ സതോപ്രധാനമാവുകയും ചെയ്യും. നോക്കണം എത്ര സത്യമായ സ്വർണ്ണമാകുന്നുണ്ട്? ഇന്ന് എത്ര മണിക്കൂർ ഓർമ്മയിലിരുന്നു? ഇന്നലെ 3 മണിക്കൂർ ഓർമ്മയിലിരുന്നു, ഇന്ന് 2 മണിക്കൂർ ഓർമ്മയിലിരുന്നു– ഇതാണെങ്കിൽ ഇന്ന് നഷ്ടമായി. കയറ്റവും ഇറക്കവും നടന്നുകൊണ്ടിരിക്കും. യാത്രക്ക് പോകുമ്പോഴും ചിലയിടത്ത് ഉയർച്ചയും, ചിലയിടത്ത് താഴ്ച്ചയും ഉണ്ടാകുന്നു. നിങ്ങളുടെ അവസ്ഥയും ഉയർന്നും താഴ്ന്നും കൊണ്ടിരിക്കും. തന്റെ കണക്ക് നോക്കണം. മുഖ്യമായത് ഓർമ്മയുടെ യാത്രയാണ്.

ഭഗവാനുവാചയാണ് അതിനാൽ തീർച്ചയായും കുട്ടികളെത്തന്നെയാണ് പഠിപ്പിക്കുക. മുഴുവൻ ലോകത്തെയും എങ്ങനെ പഠിപ്പിക്കും. ഇപ്പോൾ ഭഗവാനെന്ന് ആരെ പറയും? കൃഷ്ണനാണെങ്കിൽ ശരീരധാരിയാണ്. ഭഗവാനെന്ന് നിരാകാരനായ പരംപിതാ പരമാത്മാവിനെത്തന്നെയാണ് പറയുന്നത്. സ്വയം പറയുന്നു ഞാൻ സാധാരണ ശരീരത്തിൽ പ്രവേശിക്കുന്നു. ബ്രഹ്മാവിന്റെയും വൃദ്ധ ശരീരമെന്ന് പാടപ്പെടുന്നു. വെള്ള താടിയും മുടിയും പ്രായമായവർക്കാണല്ലോ ഉണ്ടാവുക. തീർച്ചയായും അനുഭവീ രഥത്തെയാണ് ആഗ്രഹിക്കുന്നതും. ചെറിയ രഥത്തിൽ പ്രവേശിക്കുകയില്ല. സ്വയം തന്നെ പറയുകയാണ് എന്നെ ആരും അറിയുന്നില്ല. അതാണ് സുപ്രീം ഗോഡ് ഫാദർ അഥവാ പരമാത്മാവ്. നിങ്ങളും 100 ശതമാനം

പവിത്രമായിരുന്നു. ഇപ്പോൾ 100 ശതമാനം അപവിത്രമായിരിക്കുന്നു. സത്യയുഗത്തിൽ 100 ശതമാനം പവിത്രതയായിരുന്നു അതിനാൽ ശാന്തിയും സമ്പന്നതയുമായിരുന്നു. മുഖ്യമായത് പവിത്രയാണ്. കാണുന്നുമുണ്ട് പവിത്രയുള്ളവരുടെ മുന്നിൽ അപവിത്രർ തല കുനിക്കുന്നു, അവരുടെ മഹിമ പാടുന്നു. സന്യാസിമാരുടെ മുന്നിൽ പോയി ഇങ്ങനെയൊരിക്കലും പറയില്ല താങ്കൾ സർവ്വഗുണ സമ്പന്നനും ........ ഞങ്ങൾ പാപിയും നീചനുമാണ്. ദേവതകളുടെ മുന്നിലാണ് ഇങ്ങനെ പറയുന്നത്. ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് – കുമാരിമാരുടെയടുത്ത് എല്ലാവരും തല കുനിക്കുന്നു പിന്നീട് വിവാഹം കഴിക്കുമ്പോൾ എല്ലാവരുടെയും മുന്നിൽ തല കുനിക്കുന്നു, എന്തെന്നാൽ വികാരിയായി മാറിയല്ലോ. ഇപ്പോൾ ബാബ പറയുകയാണ് നിങ്ങൾ നിർവികാരിയാവുകയാണെങ്കിൽ പകുതി കൽപം നിർവികാരിയായി തന്നെയിരിക്കും. ഇപ്പോൾ 5 വികാരങ്ങളുടെ രാജ്യം തന്നെ അവസാനിക്കുന്നു. ഇത് മൃത്യു ലോകമാണ്, അത് അമര ലോകവും. ഇപ്പോൾ നിങ്ങൾ ആത്മാക്കൾക്ക് ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം ലഭിക്കുന്നു. ബാബ തന്നെയാണ് നൽകുന്നത്. മസ്തകത്തിൽ തിലകവും നൽകുന്നു. ഇപ്പോൾ ആത്മാവിന് ജ്ഞാനം ലഭിച്ചുകൊണ്ടിരിക്കുന്നു, എന്തിന് വേണ്ടി? നിങ്ങൾ നിങ്ങൾക്ക് തന്നെ രാജതിലകം നൽകൂ. എങ്ങനെയാണോ വക്കീലാകാൻ പഠിക്കുമ്പോൾ പഠിച്ച് തനിക്കു സ്വയം തന്നെ വക്കീലിന്റെ തിലകം നൽകുന്നത്. പഠിക്കുകയാണെങ്കിൽ തിലകം ലഭിക്കും. ആശീർവാദത്തിലൂടെ ഒന്നും ലഭിക്കില്ല. അങ്ങിനെയാണെങ്കിൽ എല്ലാവരിലും ടീച്ചർ കൃപ ചെയ്യും, എല്ലാവരും പാസാവും. കുട്ടികൾ അവരവർക്ക് അവരവർ തന്നെ രാജതിലകം നൽകണം. ബാബയെ ഓർമ്മിക്കുകയാണെങ്കിൽ വികർമ്മം വിനാശമാകും, ചക്രത്തെ ഓർമ്മിക്കുന്നതിലൂടെ ചക്രവർത്തീ മഹാരാജാവായി മാറും. ബാബ പറയുകയാണ് നിങ്ങളെ രാജാക്കന്മാരുടെയും രാജാവാക്കി മാറ്റുകയാണ്. ദേവീ ദേവതകൾ ഡബിൾ കിരീടധാരിയായി മാറുന്നു. പതിത രാജാക്കന്മാരും അവരുടെ പൂജ ചെയ്യുന്നു. നിങ്ങളെ പൂജാരി രാജാക്കന്മാരെക്കാൾ ഉയർന്നവരാക്കി മാറ്റുന്നു. ആരാണോ ഒരുപാട് ദാന–പുണ്യം ചെയ്യുന്നത് അവർ രാജാവിന്റെയടുത്ത് പോയി ജന്മമെടുക്കുന്നു എന്തുകൊണ്ടെന്നാൽ കർമ്മം നല്ലത് ചെയ്തു. ഇപ്പോൾ നിങ്ങൾക്കിവിടെ അവിനാശീ ജ്ഞാന ധനം ലഭിച്ചിരിക്കുന്നു, അത് ധാരണ ചെയ്ത് പിന്നീട് ദാനം ചെയ്യണം. ഇത് വരുമാന മാർഗ്ഗമാണ്. ടീച്ചറും പഠിപ്പിന്റെ ദാനം ചെയ്യുന്നു. ആ പഠിപ്പ് അല്പകാലത്തേക്ക് വേണ്ടിയുള്ളതാണ്. വിദേശത്തു നിന്ന് പഠിച്ച് വരുന്നു, വന്നതോടെ തന്നെ ഹൃദയാഘാതം ഉണ്ടാകുന്നുവെങ്കിൽ അതോടെ പഠിപ്പ് അവസാനിക്കുന്നു. വിനാശിയായല്ലോ. പരിശ്രമം മുഴുവനും വെറുതെയായി. നിങ്ങളുടെ പരിശ്രമം അങ്ങനെ നഷ്ടപ്പെടുകയില്ല. നിങ്ങൾ എത്ര പഠിക്കുന്നുവോ അത്രയും 21 ജന്മം നിങ്ങളുടെ പഠിപ്പ് സ്ഥിരമായിരിക്കും. അവിടെ അകാല മൃത്യു സംഭവിക്കുകയില്ല. ഈ പഠിപ്പ് കൂടെക്കൊണ്ടുപോകും.

ഇപ്പോൾ എങ്ങനെയാണോ ബാബ മംഗളകാരി അതുപോലെ നിങ്ങൾ കുട്ടികളും മംഗളകാരിയായി മാറണം. എല്ലാവർക്കും വഴി പറഞ്ഞുകൊടുക്കണം. ബാബയാണെങ്കിൽ വളരെ നല്ല നിർദ്ദേശം നൽകുന്നു. ഒരേയൊരു കാര്യം മനസ്സിലാക്കി കൊടുക്കൂ സർവ്വ ശാസ്ത്ര ശിരോമണി ശ്രീമദ് ഭഗവത്ഗീതക്ക് എന്തുകൊണ്ടാണ് ഇത്രയും മഹിമയുള്ളത്? ഭഗവാന്റെ തന്നെയാണ് ശ്രേഷ്ഠമായ മതം. ഇപ്പോൾ ഭഗവാനെന്ന് ആരെ പറയും? ഭഗവാനാണെങ്കിൽ ഒന്ന് മാത്രമാണ്. ഭഗവാൻ നിരാകാരനാണ്, എല്ലാ ആത്മാക്കളുടെയും അച്ഛൻ, അതുകൊണ്ടാണ് പരസ്പരം സഹോദര–സഹോദരനെന്ന് പറയുന്നത്. പിന്നീട് എപ്പോഴാണോ ബ്രഹ്മാവിലൂടെ പുതിയ സൃഷ്ടി രചിക്കുന്നത് അപ്പോൾ സഹോദരീ–സഹോദരനായി മാറുന്നു. ഈ സമയം നിങ്ങൾ സഹോദരീ–സഹോദരനാണെങ്കിൽ പവിത്രമായിരിക്കേണ്ടതുണ്ട്. ഇതാണ് യുക്തി. ക്രിമിനൽ ദൃഷ്ടി പെട്ടെന്ന് ഇല്ലാതാകും. നിയന്ത്രണം വെക്കണം, നമ്മുടെ കണ്ണുകൾ എവിടെയും മോഹിച്ചു പോകുന്നില്ലല്ലോ? മാർക്കറ്റിൽ കടല കണ്ട് ആഗ്രഹം ഉണ്ടായില്ലല്ലോ? ഇങ്ങനെ അനേകർക്ക് ആഗ്രഹമുണ്ടാകാറുണ്ട്, പിന്നീട് കഴിക്കുകയും ചെയ്യുന്നു. ബ്രാഹ്മണിയാണ്, ഏതെങ്കിലും സഹോദരനോടൊപ്പം പോവുകയാണ് അവർ പറയുകയാണ് കടല കഴിക്കാം, ഒരു തവണ കഴിക്കുന്നതിലൂടെ പാപമൊന്നും ഉണ്ടാവില്ല! ആരാണോ പക്കാ അല്ലാത്തവർ അവർ പെട്ടെന്ന് കഴിക്കുന്നു. ഇതിൽ ശാസ്ത്രങ്ങളിലും അർജുനന്റെ ഉദാഹരണമുണ്ട്. ഈ കഥകളെല്ലാമിരുന്ന് ഉണ്ടാക്കിയിട്ടുള്ളതാണ്. ബാക്കിയെല്ലാം ഈ സമയത്തെ കാര്യങ്ങളാണ്.

നിങ്ങളെല്ലാവരും സീതമാരാണ്. നിങ്ങളോട് ബാബ പറയുകയാണ് ഒരു ബാബയെ ഓർമ്മിക്കൂ എങ്കിൽ പാപം മുറിഞ്ഞു പോകും. ബാക്കി വേറൊരു കാര്യവുമില്ല. നിങ്ങൾക്കറിയാം രാവണൻ അങ്ങനെയൊരു മനുഷ്യനില്ല. ഇതാണെങ്കിൽ വികാരങ്ങളുടെ പ്രവേശനം ഉണ്ടാകുമ്പോൾ രാവണ സമ്പ്രദായമെന്ന് പറയുന്നു. എങ്ങനെയാണോ ചിലർ ഇങ്ങനെയുള്ള പ്രവൃത്തി ചെയ്യുമ്പോൾ പറയുന്നത് – നിങ്ങൾ അസുരനാണോ. പെരുമാറ്റം ആസുരീയമാണ്. വികാരീ കുട്ടികളെ പറയും നിങ്ങൾ കുലകളങ്കിതരായിരിക്കുകയാണ്. പിന്നെ പരിധിയില്ലാത്ത ബാബ പറയുകയാണ് ഞാൻ നിങ്ങളെ കറുപ്പിൽ നിന്ന് വെളുപ്പാക്കി മാറ്റുന്നു

എന്നിട്ടും കറുത്ത മുഖമാക്കുകയാണോ? പ്രതിജ്ഞ ചെയ്ത് വീണ്ടും വികാരിയായി മാറുന്നു. കറുപ്പിനെക്കാളും കറുപ്പായി മാറുന്നു, അതുകൊണ്ടാണ് കല്ലുബുദ്ധിയെന്ന് പറയുന്നത്. പിന്നെയിപ്പോൾ നിങ്ങൾ പവിഴബുദ്ധിയായി മാറുന്നു. നിങ്ങളിൽ കയറുന്ന കലയുണ്ടാകുന്നു. ബാബയെ തിരിച്ചറിഞ്ഞാൽ വിശ്വത്തിന്റെ അധികാരിയാകും. സംശയത്തിന്റെ കാര്യമില്ല. ബാബയാണ് സ്വർഗ്ഗം സ്ഥാപിക്കുന്ന പിതാവ്. അതിനാൽ തീർച്ചയായും കുട്ടികൾക്കുവേണ്ടി സ്വർഗ്ഗം സമ്മാനമായി കൊണ്ടുവരുമല്ലോ. ശിവജയന്തിയും ആഘോഷിക്കുന്നു- എന്ത് ചെയ്തിട്ടാവും? വ്രതം മുതലായവ വെക്കുന്നു. വാസ്തവത്തിൽ വികാരങ്ങളുടെ വ്രതമാണ് വെക്കേണ്ടത്. വികാരത്തിലേക്ക് പോകരുത്. ഇതിലൂടെ തന്നെയാണ് നിങ്ങൾ ആദി-മധ്യ-അന്ത്യം ദുഖം നേടിയത്. ഇപ്പോൾ ഈ ഒരു ജന്മം പവിത്രമാകൂ. പഴയ ലോകത്തിന്റെ വിനാശം മുന്നിൽ നിൽക്കുകയാണ്. നിങ്ങൾ കാണും ഭാരതത്തിൽ 9 ലക്ഷം പോയി ജീവിക്കും, പിന്നീട് ശാന്തിയായിരിക്കും. തമ്മിലടിക്കാൻ മറ്റു ധർമ്മങ്ങൾ ഉണ്ടായിരിക്കില്ല . ഒരു ധർമ്മത്തിന്റെ സ്ഥാപനയും ബാക്കി അനേക ധർമ്മങ്ങൾ വിനാശമാവുകയും ചെയ്യും. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും. ആത്മീയഅച്ഛന്റെ ആത്മീയകുട്ടികൾക്ക് നമസ്കാരം.

## ധാരണക്കുള്ള മുഖ്യമായ സാരം

1. അവിനാശീ ജ്ഞാനധനം സ്വയം ധാരണ ചെയ്ത് പിന്നീട് ദാനം ചെയ്യണം. പഠിപ്പിൽ അവരവർക്ക് അവരവർ തന്നെ രാജതിലകം നൽകണം. എങ്ങനെയാണോ ബാബ മംഗളകാരി അതുപോലെ മംഗളകാരിയായി മാറണം.

2. ഭക്ഷണ പാനീയങ്ങളിൽ പൂർണ്ണമായ പത്ഥ്യം വെക്കണം. ഒരിക്കലും കണ്ണുകൾ ചതിക്കരുത് - ഇത് നിയന്ത്രിക്കണം. സ്വയം പരിവർത്തനപ്പെടണം. കർമ്മേന്ദ്രിയങ്ങളിലൂടെ ഒരു വികർമ്മവും ചെയ്യരുത്.

## വരദാനം- മനസാശക്തിയുടെ അനുഭവത്തിലൂടെ വിശാലമായ കാര്യങ്ങളിൽ സദാ സഹയോഗിയായി ഭവിക്കട്ടെ.

പ്രകൃതിയുടേയും തമോഗുണികളായ ആത്മാക്കളുടേയും വൈബ്രേഷൻസിനെ പരിവർത്തനം ചെയ്യുകയും,രക്തച്ചൊരിച്ചിലിന്റെ വായുമണ്ഡലത്തിലും വൈബ്രേഷനിലും സ്വയത്തെ സേഫ് ആക്കി വെക്കുകയും, അന്യ ആത്മാക്കൾക്ക് സഹയോഗം നൽകുക,പുതിയസൃഷ്ടിയിൽ യോഗബലത്തിലൂടെ പുതിയ രചനകൾക്ക് പ്രാരംഭം കുറിക്കുക ഇങ്ങിനെയുള്ള എല്ലാ മഹത്തായകാര്യങ്ങൾക്കും മനസ്സിന്റെ ശക്തിയിയുടെ ആവശ്യമാണ് ഉള്ളത്.മനസാശക്തിയിലൂടെ സ്വയത്തിന്റെ അവസാനസമയം വളരെ നല്ലതായി മാറും മനസാശക്തി എന്നാൽ ശ്രേഷ്ഠസങ്കൽപങ്ങളുടെ ശക്തി.ഒരു ബാബയുമായുള്ള ലൈൻ ക്ലിയർ.ഇപ്പോൾ ഇങ്ങിനെയുള്ള അനുഭവിയാകൂ അപ്പോൾ പരിധിയില്ലാത്ത കാര്യങ്ങളിൽ സഹയോഗിയായി മാറി പരിധിയില്ലാത്ത വിശ്വത്തിന്റെ രാജ്യാധികാരിയായി മാറാം.

## സ്ലോഗൻ- നിർഭയതയും നമ്രതയും തന്നെയാണ് യോഗി അഥവാ ജ്ഞാനി ആത്മാക്കളുടെ സ്വരൂപം.

**അവ്യക്തസൂചന- സഹജയോഗിയായിമാറണമെങ്കിൽ പരമാത്മാസ്നേഹത്തിന്റെ അനുഭവികളായി മാറൂ.** പരമാത്മാസ്നേഹം ആനന്ദം നിറഞ്ഞ ഊഞ്ഞാലാണ് .ഈ സുഖദായിയായ ഊഞ്ഞാലിൽ ആടിക്കൊണ്ട് സദാ പരമാത്മാസ്നേഹത്തിൽ ലവ്ലീനമായി ഇരിക്കുകയാണെങ്കിൽ ഒരിക്കലും ഒരു പരിതസ്ഥിതിയുടേയും മായയുടേയും ഇളക്കങ്ങളിലേക്ക് വരികയില്ല.പരമാത്മാസ്നേഹം അളവറ്റതാണ്,ഉറച്ചതാണ് എല്ലാവർക്കും ലഭിക്കാവുന്നത്രയുമുണ്ട്.എന്നാൽ പരമാത്മാസ്ന്ഹം ലഭിക്കാനുള്ള വിധിയാണ് വേറിട്ടതായി മാറുക.എത്രത്തോളം വേറിട്ടതായി മാറുന്നുവോ അത്രത്തോളം പരമാത്മാസ്നേഹം പ്രാപ്തമാകും.